LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 25,000 രൂപയുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പല പ്രാവശ്യം ടെണ്ടറും, റീ-ടെണ്ടറും ഇ-ക്വട്ടേഷനും റീ-ക്വട്ടേഷനും നടത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ മാന്വൽ റീ-ക്വട്ടേഷൻ നടത്തി ലഭിച്ച സിംഗിൾ ക്വട്ടേഷന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് വികസനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണപ്ര-എടത്വ റോഡ് നവീകരണം

35(4045) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമുടി പഞ്ചായത്തിലേയ്ക്കുള്ള ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗമായ മണപ്ര-എടത്വ റോഡ് മണ്ണിട്ട് ഉയർത്തി നവീകരിക്കാത്തതുമൂലം ഉണ്ടാകുന്ന യാത്രാക്ലേശം രൂക്ഷമായതിനാൽ പ്രസ്തുത റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മണപ്ര-എടത്വ റോഡിൽ മണപ്ര മുതൽ പുല്ലങ്കടി വരെ 2.150 കി.മീ. റോഡ് 2018-ൽ പൊതുമരാമത്ത് വകുപ്പ് ഫോർമേഷൻ ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതിനുശേഷം വരുന്ന റീച്ചിനായി നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ നവീകരണം സമയബന്ധിതമായി തീർക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിൽ റോഡിനായി സ്ഥലമേറ്റെടുക്കൽ

36(4046) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ചിറ്റാരിക്കുന്ന് മുതൽ ഊർക്കടവ് വരെ ഭാഗത്ത് റോഡിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?